കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ആവോലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.8)2181/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് 682030
ഫോൺ:0484 2422271
email: doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി:29.11.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും, ഭാഗം 3 ലേക്കും എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.ഇകെഎം(പി.8)2181/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് 682030
ഫോൺ:0484 2422271
email: doekm.ksad@kerala.gov.in

തീയതി:29.11.2017

.

# എറണാകുളം ജില്ലയിലെ ആവോലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

.

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)*

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | എസ്. വിജയകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| ...27.9.2017 മുതൽ<br>9.10.2017 വരെ | 1. സാലി ജോസഫ്,ഓഡിറ്റ് ഓഫീസർ<br>2. ഷൈബി ഇ ഡി.,സീനി.ഗ്രേ.ഓഡിറ്റർ<br>3. ജോസ് ഫിജോയ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മേരി ബേബി | 1.4.2016 മുതൽ 12.11.2016വരെ |
| | ശ്രീ.ജോർഡി വർഗ്ഗീസ് | 13.11.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ജോർജ്ജ് ജോസഫ് | 1.4.2016 മുതൽ 20.2.2017 FN വരെ |
| | എൻ ആർ വിജയം | 20.2.2017 AN മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.പി.കെ ബാലകൃഷ്ണൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സരിൻ | 1.4.2016 മുതൽ 25.8.2016 വരെ |
| | ഡോ.ബ്ലസി പോൾ | 26.8.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ബിന്ദു തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീകല. എം | 1.4.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സോമോൾ അബ്രാഹാം | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ, ആനിക്കാട് | ശ്രീ.പ്രിയരഞ്ജൻ ആർ | 1.4.2016മുതൽ 31.3.2017 വരെ |
| വി.ഇ.ഒ, ആവോലി | ശ്രീ.ഷഫീക്ക്.കെ.കെ. | 1.4.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അഞ്ജു പോൾ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രമ്യ രതീശൻ | 1.4.2016 മുതൽ 26.7.2016വരെ |
| | ശ്രീമതി.രാജി കെ ജി | 27.6.2016 മുതൽ 31.3.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പി.കെ. ജാഫർ | 1.4.2016 മുതൽ 31.3.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.എലിസബത്ത്. സി. ജോർജ്ജ് | 1.4.2016 മുതൽ 31.3.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 2-1 |
| 13 | വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കിയില്ല | 2-2 |
| 14 | അനധികൃത കെട്ടിട നിർമ്മാണം | 2-3 |
| 15 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഭീമമായ കുടിശ്ശിക | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ | 2-5 |
| 17 | ഇ- ടെണ്ടർ -ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല | 2-6 |
| | ഭാഗം - 3 | |
| 18 | ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 19 | വാട്ടർ കണക്ഷന് സബ്സിഡി - 8000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 20 | ആശ്രയ പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-3 |
| 21 | മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 22 | സാനിട്ടറി യൂണിറ്റ് പദ്ധതി | 3-5 |
| 23 | വാട്ടർ ചാർജ്ജ് അടവ് | 3-6 |

| | | |
|---|---|---|
| 24 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-7 |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 35 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 36 | റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 37 | ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22.2.16 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 98139145 | 97806869 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 32904322 | 32415978 |

.

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 2.62കോടി രൂപയുടെ

വരവുചെലവുകൾ വരവ് ചെലവ് പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 7.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5289102 |
| വരവ് | 32904322 |
| ആകെ | 38193424 |
| ചെലവ് | 32415978 |
| നീക്കിയിരിപ്പ് | 5777446 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 8452348 | 6502963 | 76.93 |
| വികസനഫണ്ട് - എസ്.സി.പി. | 1882731 | 1340110 | 71.17 |
| വികസനഫണ്ട് - ടി.എസ്.പി. | 73956 | 73916 | 99.94 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 11304786 | 3422331 | 30.27 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 3008442 | 2229425 | 74.1 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4740665 | 3874045 | 81.71 |
| പെർഫോമൻസ് ഗ്രാന്റ് | 2770432 | 668084 | 24.11 |
| ബി. ഫണ്ട് | 17716050 | 17716050 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 8503566 *(മുന്നിരിപ്പ് രൂ. 770)* | 8503566 +270 | (നീക്കിയിരിപ്പ് രൂ.*500*) |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 123 | 34578303 | 73 | 18110874 | 6 | 44 | 59% |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം *0.82* ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 4219269 | 4361298 | (+)142029 | (+)3.36 |
| നികുതിയേതര വരവുകൾ | 636954 | 655241 | (+)18287 | (+)2.87 |
| മറ്റ് വരവുകൾ | 172908 | 54295 | (-)118613 | (-)68.59 |
| ആകെ | 5029131 | 5070834 | (+)41703 | (+) 0.82 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 80520 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 1629030 | 896 |
| വിധവാപെൻഷൻ | 4444060 | 2115 |
| വാർദ്ധക്യകാലപെൻഷൻ | 9811990 | 3377 |
| വികലാംഗപെൻഷൻ | 1512470 | 783 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 237980 | 126 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *7.10.17* ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ *2171/-* രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുമ്പോൾ വിവരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുബന്ധം ജെ മാതൃകയിൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുകയോ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്യുന്നില്ല.

2.ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

3.കേരള പഞ്ചായത്ത് രാജ് (വളർത്ത് നായകൾക്കും പന്നികൾക്കും ലൈസൻസ് ) ചട്ടങ്ങൾ പ്രകാരം മുഴുവൻ നായകൾക്കും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അക്കൗണ്ട്സ് പ്രകാരം 52 വളർത്ത് മൃഗങ്ങൾക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ വെറ്റിനറി സർജൻ നടപ്പാക്കിയ പേ വിഷ നിർമ്മാർജ്ജന പദ്ധതിയിൽ 288 നായകൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.9.2017 | 1.8.17മുതൽ 31.8.17വരെ | 26.9.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.5.2017 | 1997-98 മുതൽ 2006-07വരെ | 3.9.2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് -3084 രൂപ നഷ്ടം

വസ്തു നികുതി നിർണ്ണയിച്ചതിലുള്ള കുറവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി

| | |
|---|---|
| കെട്ടിട നമ്പർ | 14 / 340 എ |

| | |
|---|---|
| ഉടമയുടെ പേര് | അഡ്മിനിസ്ട്രേറ്റർ , മൂവാറ്റുപുഴ നിർമ്മല കോളേജ് |
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 2097.85 ചതുരശ്ര മീറ്റർ |
| കെട്ടിട ഉപയോഗം | വിദ്യാഭ്യാസത്തിനുള്ളത് |
| അടിസ്ഥാന നികുതി നിരക്ക് (ച.സ്ക്വ.മീറ്ററിന് ) | 7 രൂപ |
| അടിസ്ഥാന വസ്തു നികുതി | 14685 |
| അനുവദനീയമായ ഇളവ് | ഇല്ല |
| റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20% | 2937 |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷമുള്ള വാർഷിക വസ്തുനികുതി (എ) | 17622 |
| ലൈബ്രറി സെസ്സ് (ബി) | 881 |
| ആകെ (എ)+(ബി) (സഞ്ചയ സോഫ്റ്റ്‌വെയറിലുള്ളത് പ്രകാരം) | 18503 |
| നികുതി പ്രാബല്യത്തിൽ വന്നത് | 2013-14 ഒന്നാം അർദ്ധവർഷം മുതൽ |

മേൽപ്പറഞ്ഞ പ്രകാരം ഈ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നതിന് പകരം കുറവ് നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ സംഭവിച്ച നഷ്ടത്തിന്റെ വിവരം ഇപ്രകാരമാണ്.

| ഈടാക്കിയിട്ടുള്ള വസ്തു നികുതി + ലൈബ്രറി സെസ്സ് (2013-14 വർഷത്തേത് ) | രസീത് നമ്പർ / തീയതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി + ലൈബ്രറി | നഷ്ടം (വസ്തു നികുതി + ലൈബ്രറി സെസ്സ് ) |
|---|---|---|---|
| 15420 (14685+735) | 11301103110 / 11.03.2014 | 18503 (17622+881) | 3083 (2937+146) |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വാർഷിക വസ്തുനികുതിയായ 18503രൂപ (17622+881) 2013-14 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കേണ്ടതാണ് . 2016-17 ലെ മാത്രം നഷ്ടം 3084/-.

## 2-2 വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കിയില്ല

വസ്തുനികുതി രജിസ്റ്റർ പ്രകാരം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കൈവശക്കാരന്റെ പേര് | കെട്ടിട നമ്പർ | നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയും ലൈബ്രറി സെസ്സും |
|---|---|---|---|
| 1 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/133 | 13292 +665 |
| 2 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി | VI/134 | 26250 +1313 |

| | | | |
|---|---|---|---|
| | എഞ്ചിനീയറിംഗ് കോളേജ് | | |
| 3 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/135 | 72558 +3628 |
| 4 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/136 | 801 +40 |
| 5 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/138 | 12878 +644 |
| 6 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/139 | 21622 +1081 |
| 7 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/140 | 11010 +551 |
| 8 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/141 | 63098 +3155 |
| 9 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/142 | 41202 +2060 |
| 10 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/143 | 4102 +205 |
| 11 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/144 | 3516 +176 |
| 12 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/145 | 89256 +4463 |
| 13 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/146 | 891 +45 |
| 14 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/140A | 1765 +88 |
| 15 | പ്രസിഡന്റ് , സി.റ്റി.ഇ.റ്റി , വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് | VI/140B | 23211 +1161 |

| | | | |
|---|---|---|---|
| | | ആകെ | 385452 +19275 |

2012-13 പ്രാബല്യത്തിൽ ഈടാക്കേണ്ട മേല്പറഞ്ഞ വസ്തുനികുതി ലഭിക്കുന്നതിനായി കെട്ടിട ഉടമസ്ഥന് ഡിമാൻഡ് നോട്ടീസ് നൽകിയെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ കോളേജിനായി ഡയോഷ്യൻ ടെക്നിക്കൽ എജ്യുക്കേഷൻ ട്രസ്റ്റ് ഇതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(U)No.38311/2015(L) പ്രകാരം റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ചതിൻ പ്രകാരം പ്രതിവർഷം വസ്തു നികുതിയിനത്തിൽ 385452 രൂപയുടെ നഷ്ടം പഞ്ചായത്തിനും, ലൈബ്രറി സെസ്സിനത്തിൽ 19275 രൂപയുടെ നഷ്ടം കേരള സംസ്ഥാന ലൈബ്രറി കൗൺസിലിനും സംഭവിക്കുന്നുണ്ട്. ആയതിനാൽ സ്റ്റേ മറികടക്കുന്നതിനും, നികുതി ഈടാക്കുന്നതിനുമായി ബന്ധപ്പെട്ട നിയമ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

.

## 2-3 അനധികൃത കെട്ടിട നിർമ്മാണം

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട്, 2008 ലെ സെക്ഷൻ 14 പ്രകാരംആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയോ, നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരുവിധ ലൈസൻസും തദ്ദേശ സ്ഥാപനങ്ങൾ നൽകുവാൻ പാടുള്ളതല്ല. തന്മൂലം പഞ്ചായത്തിലെ പതിനാലാം വാർഡിൽ മാവിൻ ചുവട് ഭാഗത്ത് പി.എം റോഡിന് വടക്കുവശത്തായി സർവ്വെ നമ്പർ 176/8 ൽ കാതറൈൻ കോംപ്ളെക്സ് എന്ന പേരിൽ പണികഴിപ്പിച്ച് വാണിജ്യ ഉപയോഗത്തിനായുള്ള ഹല്ലേൽ കോർപ്പറേഷൻ എന്ന വ്യാപാര സ്ഥാപനത്തിന്റെ ഗോഡൌണായി പ്രവർത്തിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടില്ല. ശ്രീമതി.വത്സ ജോയി , പുളിക്കൽ , മാവിൻചുവട് , എന്നയാളുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിന് വസ്തുനികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 6.10.17 ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി ഇപ്രകാരമാണ്. വില്ലേജ് ഓഫീസിലെ രേഖകൾ പ്രകാരം 'നിലം' ആയ ഭൂമിയിലാണ് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്, ആയതിനാൽ മേൽ സൂചിപ്പിച്ച ചട്ടമനുസരിച്ച് ഈ വാണിജ്യ കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്ത് നൽകാനോ, വസ്തു നികുതി ഈടാക്കാനോ കഴില്ലെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഈ അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറിന്റെ വസ്തു നികുതി -ഭീമമായ കുടിശ്ശിക

പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവ്വറുകളുടെ നികുതി കുടിശ്ശികകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | ഉടമസ്ഥന്റെ പേര്, വിലാസം | നിലവിലുള്ള കുടിശ്ശിക (വർഷം തിരിച്ച്) | |
|---|---|---|---|---|
| 1 | 2/173 | ഇന്ത്യ ടെലികോം ഇൻഫ്ര ലിമിറ്റഡ്, രണ്ടാം നില, വി.എസ് ആർക്കേഡ് , പല്ലാർ ഹൌസ് റോഡ് | 2015-16 | 6750 |
| | | | 2016-17 | 6750 |
| 2 | 5/126A | വോഡാഫോൺ എസ്സാർ | 2013-14 | 11641 |

| | | | | |
|---|---|---|---|---|
| | | സെല്ലുലോയ്ഡ് , എറണാകുളം നോർത്ത് റയിൽവേ സ്റ്റേഷൻ | 2014-15 | 11641 |
| | | | 2015-16 | 11641 |
| | | | 2016-17 | 11641 |
| 3 | 5/253A | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ്, എൻ.എച്ച് ബൈപ്പാസ് റോഡ് , കുണ്ടന്നൂർ | 2013-14 | 11652 |
| | | | 2014-15 | 11652 |
| | | | 2015-16 | 11652 |
| | | | 2016-17 | 11652 |
| 4 | 6/34 | ഇന്ത്യ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2013-14 | 1750 |
| | | | 2014-15 | 1750 |
| | | | 2015-16 | 1750 |
| | | | 2016-17 | 1750 |
| 5 | 6/473 | ഇൻഡസ് ടവ്വർസ് ലിമിറ്റഡ്, 8 -ാം നില, വങ്കരത്ത് ടവ്വർ | 2016-17 | 14967 |
| 6 | 8/326 | ഐ.ടി.ഐ.എൽ ലിമിറ്റഡ്, രണ്ടാം നില, തച്ചങ്കര ടവ്വർ , സീപോർട്ട് എയർ പോർട്ട് റോഡ് | 2013-14 | 13304 |
| | | | 2014-15 | 13304 |
| | | | 2015-16 | 13304 |
| | | | 2016-17 | 13304 |
| 7 | 9/254 | ഇന്ത്യ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, ടവ്വർ , ടവ്വർ ഷെൽറ്റർ | 2013-14 | 2500 |
| | | | 2014-15 | 2500 |
| | | | 2015-16 | 2500 |
| | | | 2016-17 | 2500 |
| 8 | 13/130A | വയർലെസ്സ് ടി.ടി ഇൻഫോ സർവ്വീസസ് ലിമിറ്റഡ് , ജെ & കോ ചേമ്പേഴ്സ് ഒന്നാം നില | 2013-14 | 3150 |
| | | | 2014-15 | 3150 |
| | | | 2015-16 | 3150 |
| | | | 2016-17 | 3150 |
| 9 | 13/130B | വയർലെസ്സ് ടി.ടി ഇൻഫോ സർവ്വീസസ് ലിമിറ്റഡ് , ജെ & കോ ചേമ്പേഴ്സ് ഒന്നാം നില | 2013-14 | 3150 |
| | | | 2014-15 | 3150 |
| | | | 2015-16 | 3150 |
| | | | 2016-17 | 3150 |
| 10 | 13/130C | വയർലെസ്സ് ടി.ടി ഇൻഫോ സർവ്വീസസ് ലിമിറ്റഡ് , ജെ & കോ ചേമ്പേഴ്സ് ഒന്നാം നില | 2013-14 | 3150 |
| | | | 2014-15 | 3150 |
| | | | 2015-16 | 3150 |
| | | | 2016-17 | 3150 |
| | ആകെ കുടിശ്ശിക | | | 229655 |

മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

1. തൊഴിൽ നികുതി ഈടാക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

പഞ്ചായത്തിന്റെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന നിർമ്മലാ കോളേജ് ഓഫ് ഫാർമസി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2016-17 വർഷം ഈടാക്കിയതായി കാണുന്നില്ല. ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്തി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണം

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 184 സ്ഥാപനങ്ങൾ 2016-17 വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ 42 സ്ഥാപനങ്ങളുടെ വിവരം മാത്രമേ ചേർത്തിട്ടുള്ളൂ. ഡി & ഒ ലൈസൻസ് അപേക്ഷയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

| ക്രമനം | അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ/സ്ഥാപനത്തിന്റ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഇ വി തോമസ് ഇരിങ്ങോളിൽ | V374G1,H സർവീസ് ക്കൾ പോയിന്റ് | 5 |
| 2 | ഷിജോ ജോൺസൺ കള്ളിക്കാട്ട് | XII/233 സ്മാർട്ട് ഫിക്സ് ടൈൽസ് | 6 |
| 3 | എം കെ സുദർശൻ മാരിയിൽ വീട് | XIII 112 സുപ്രീം സിമന്റ് പ്രോഡക്ട്സ് | 10 |
| 4 | അജിമോൻ പി എൻ പട്ടളായിൽ | IX350 F ആദിത്യ ഇലക്ട്രോണിക്സ് ഡിവിഷൻ | 5 |
| 5 | റോയി ജോസഫ് മലേക്കുടിയിൽ | V437 ഹോട്ടൽ സിൽവർ സ്പൂൺ | 8 |
| 6 | കെ സുഹിന കോട്ടക്കുന്നേൽ | II 660 B കെ എം പി ഫുഡ് പ്രോഡക്ട്സ് | 5 |
| 7 | നൈജു ജോസഫ് നമ്പ്യാപറമ്പിൽ | VII 172 E പെട്രോൾ പമ്പ് | 8 |
| 8 | സി വി കുഞ്ഞപ്പൻ ചാലക്കര വീട് | V 234 ചാലക്കര സോമിൽ | 7 |
| 9 | സിദ്ദിഖ് കെ എ കക്കാട്ട് | II 615 C ഇസ്ര ടിമ്പർ ഇൻഡസ്ട്രീസ് | 5 |
| 10 | രാജു ചാക്കോ ആട്ടുകുഴിയിൽ | III 49 രാഹുൽ ഗ്രാനൈറ്റ്സ് | 9 |
| 11 | രാജി മാത്യു പാംബ്ലാനിയിൽ | ഹോട്ട് മിക്സ് പ്ലാന്റ് | 9 |
| 12 | എൽദോസ് കെ വർഗ്ഗീസ് കൊച്ചുകുടിയിൽ | XIV 204 A, B, C ന്യൂ എൻ എൽ കോർപ്പറേഷൻ | 6 |

ഇത് സംബന്ധിച്ച് നൽകിയ 06.10.2017 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമായിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിക്കേണ്ടതും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-6 ഇ-ടെണ്ടർ -ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല

ആവോലി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം e-tender നടത്തിയ പ്രോജക്ടുകൾക്ക് ലഭിച്ച tender ഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | അടങ്കൽ തുക | ടെൻഡർ ഫീസ് |
|---|---|---|---|
| 1 | S0053 / 17 താണിച്ചുവട് കാക്കനാട് കടവ് റോഡ് | 7,00,000 | 1470 |
| 2 | S0057/17 അറയ്ക്കൽ പീഠിക റോഡ് | 8,60,000 | 1890 |
| 3 | S0059/17 ചാലക്കുടിത്താഴം റോഡ് | 810000 | 1785 |
| 4 | S0063/17 PHC റോഡ് | 730000 | 1575 |
| 5 | S0069/17 മുണ്ടക്കപ്പാറ കോളനി റോഡ് | 6,60,000 | 1470 |
| 6 | S0055/17 കാവന തെക്കുംമല റോഡ് | 7,00,000 | 1470 |
| 7 | S0 129/17 പഞ്ചായത്ത് ഓഫീസ് നവീകരണം | 1295312 | 2730 |
| 8 | S0044/17 ഇല്ലത്തുതണ്ട് റോഡ് | 525000 | 1155 |
| 9 | S0030/17 ഉട്ടമ്പേതിതണ്ട് റോഡ് | 405000 | 945 |
| 10 | S0034/17 ടാങ്ക് കവല റോഡ് | 2,40.000 | 525 |
| 11 | S0042/17 ഒന്നാം മൈൽ റോഡ് | 600000 | 1250 |
| | ആകെ തുക | | 16265 |

ടെൻഡർ ഫീ പഞ്ചായത്തിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 3.10.17 ൽ 3-ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം | S104/17 |
| അടങ്കൽ | 10,000/-<br>(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 9,931/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ടിൽ ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നമ്പർ 2/16-17 തീയതി 22.03.2017മുഖേന 9,931/-രൂപ പിൻവലിച്ച് SIDCO സെയിൽസ് എംപോറിയത്തിന് കൈമാറിയെങ്കിലും നാളിതു വരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 07.10.2017ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുക കൈമാറിയതിനു ശേഷം പുതിയ ജി എസ് ടി നിയമം നിലവിൽ വന്നതിനാൽ പുതുക്കിയ നിരക്കിലുള്ള പ്രഫോർമ ഇൻവോയ്സ് ലഭ്യമാകാത്തതിനാലാണ് ഉപകരണങ്ങൾ ലഭ്യമാകാത്തത് എന്ന് വിശദീകരിക്കുകയുണ്ടായി. തുക കൈമാറുകയും ഉപകരണങ്ങൾ ലഭ്യമാക്കാതിരിക്കുകയും ചെയ്തതിനാൽ 9,931/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വാട്ടർ കണക്ഷന് സബ്സിഡി - 8000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാട്ടർ കണക്ഷൻ(ജനറൽ) |
| പ്രോജക്ട് നം | S079/17 |
| അടങ്കൽ | 4,96,000/-(ധനകാര്യ കമ്മീഷൻ അവാർഡ്- 4,43,612/-,<br>തനത് ഫണ്ട്-52388/-) |
| ചെലവ് | 2,16,000/- |
| നിർവ്വഹണം | വി ഇ ഒ, ആവോലി |

.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 2/2016-17<br>21.02.2017 | 4000/- |

| | |
|---|---|
| 3/2016-17<br>06.03.2017 | 12,000/- |
| 5/2016-17<br>20.03.2017 | 8,000/- |
| 6/2016-17<br>23.03.2017 | 12,000/- |
| 9/2016-17<br>24.03.2017 | 20,000/- |
| 12/2016-17<br>30.03.2017 | 1,00,000/- |
| 13/2016-17<br>30.03.2017 | 40,000/- |
| 15/2016-17<br>30.03.2017 | 20,000/- |
| ആകെ | 2,16,000/- |

മേൽ പ്രോജക്റ്റിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് 4000/- രൂപ വീതം സബ്സിഡി തുക അനുവദിച്ചു നൽകുന്ന ഈ പ്രോജക്റ്റിൽ 54 ഗുണഭോക്താക്കൾക്കായി 2,16,000/-രൂപ ചെലവഴിച്ചിട്ടുണ്ട് . ജി ഒ (എം എസ്) 4/2016 ത സ്വ ഭ വ 11.01.2016 പ്രകാരം കണക്ഷൻ എടുത്തതിന് വാട്ടർ അതോറിട്ടിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് ആനുകൂല്യം നൽകേണ്ടത്.എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പൈപ്പ് കണക്ഷൻ എടുത്തതിന്റെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

1. ഷിഹാബ്, കക്കാട്ട്,രണ്ടാർ
2. ജോമി എൽദോസ്, മൂലേക്കുടിയിൽ, രണ്ടാർ

രേഖകളുടെ അഭാവത്തിൽ ഈ രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ 8000/- (4000 x2) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ആശ്രയ പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആശ്രയ ഭവന നിർമ്മാണം |
| പ്രോജക്റ്റ് നം | S017/16 |
| അടങ്കൽ | 10,00,000/- |
| ചെലവ് | 10,00,000/- |
| നിർവ്വഹണം | വി ഇ ഒ |

2015-16 സാമ്പത്തിക വർഷത്തിൽ ആശ്രയ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ സജീവൻ എ ജി, കാവന എന്ന വ്യക്തിക്ക് 2,00,000/-രൂപ അനുവദിച്ചിരുന്നതിൽ 1,20,000/- രൂപ കൈമാറിയിരുന്നതായും ബാക്കി 80,000/- രൂപ വിതരണം ചെയ്യാതെ 2015-16 സാമ്പത്തിക വർഷത്തിൽ അവശേഷിച്ചിരുന്നതായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ റിപ്പോർട്ടിൽ ഖണ്ഡിക 3-8 ആയി പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 23.06.16 ലെ യോഗത്തിന്റെ അജണ്ട 17, തീരുമാനം 1 പ്രകാരം ടി വ്യക്തിക്ക് നൽകിയ തുക 1,20,000/-രൂപ

തിരികെ ഈടാക്കുന്നതിന് തീരുമാനിച്ചു. ടി വ്യക്തി വീടിന്റെ തറ നിർമ്മിച്ചതിൽ ഒരു ഭാഗം അയൽക്കാരന്റെ പുരയിടത്തിലാണെന്ന് വില്ലേജ് ഓഫീസിൽ പരാതി ലഭിച്ചതിനെത്തുടർന്ന് ആ ഭാഗം അളന്ന് റവന്യൂ അധികാരികളുടെ നിർദ്ദേശപ്രകാരം പൊളിച്ചു നീക്കുകയുണ്ടായെന്നും മിനിറ്റ്സിൽ കാണുന്നു. ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായ ടി വ്യക്തിക്ക് 1,20,000/-രൂപ 2015-16 സാമ്പത്തിക വർഷം തന്നെ കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കാൻ വിസമ്മതിച്ചതിനാലാണ് തുക തിരികെ ഈടാക്കാൻ കമ്മിറ്റി തീരുമാനം എടുത്തിരുന്നതെന്നും നിലവിലെ ലൈഫ് പദ്ധതിയിൽ ടിയാളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. മരുന്ന് ലഭ്യമായില്ല.

മരുന്ന് വാങ്ങുന്നതിനായി സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷന് താഴെപ്പറയുന്ന പ്രോജക്ടുകളിൽ തുക കൈമാറിയിട്ടുണ്ട്.

i)

| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
|---|---|
| പ്രോജക്ട് നം | S048/17 |
| അടങ്കൽ | 5,20,456/- |
| ചെലവ് | 3,29,898/- |

.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 1/16-17/ 30.11.16 | 1,34,480/- |
| 3/16-17/ 07.02.17 | 47,440/- |
| 5/16-17/ 18.03.17 | 34,831/- |
| 7/16-17/ 30.03.17 | 99,780/- |
| 8/16-17/ 30.03.17 | 13,367/- |

മരുന്ന് വാങ്ങുന്നതിന് നൽകിയ തുക - 34,831/-രൂപ (തീയതി 18.03.2017 )

ii)

| പ്രോജക്ടിന്റെ പേര് | മരുന്നും രോഗനിർണ്ണയ സാമഗ്രികളും വാങ്ങൽ |
|---|---|
| പ്രോജക്ട് നം | S046/17 |

| | |
|---|---|
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ<br>വൌച്ചർ നമ്പർ | 4/16-17 തീയതി 18.03.17 തുക 50,000/-<br>21500598 തീയതി 25.02.17തുക 50,000/- |

നൽകിയ തുക -1,00,000/-രൂപ

മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.പകർച്ച വ്യാധി നിയന്ത്രണ പരിപാടിയിൽ ഉൾപ്പെടുത്തി പോളിയോ മരുന്ന് വിതരണത്തിന് തുക ചെലവഴിച്ചു

| പ്രോജക്ടിന്റെ പേര് | പകർച്ചവ്യാധി നിയന്ത്രണ പരിപാടി |
|---|---|
| പ്രോജക്ട് നം | S046/17 |
| അടങ്കൽ | 30,000/- |
| ചെലവ് | 25,000/- |
| ബിൽ നമ്പർ | 2/16-17 തീയതി 07.02.17<br>തുക 25,000/- |

പക്രച്ചവ്യാധി നിയന്ത്രണ പരിപാടിയിലുൾപ്പെടുത്തി പൾസ് പോളിയോ മരുന്ന് വിതരണത്തിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പൾപോളിയോ നോട്ടീസ് - 1,550/-രൂപ

വോളന്റിയേഴ്സിന് ഭക്ഷണം - 3,450/-രൂപ

ആകെ 5,000/-രൂപ

പോളിയോ പകർച്ച വ്യാധി അല്ലാത്തതിനാൽ പക്രച്ചവ്യാധി നിയന്ത്രണ പരിപാടിയിൽ പോളിയോ മരുന്ന് വിതരണം വിഭാവനം ചെയ്യുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-5 സാനിട്ടറി യൂണിറ്റ് പദ്ധതി

| പ്രോജക്ടിന്റെ പേര് | സാനിട്ടറി യൂണിറ്റ് 124 കുടുംബങ്ങൾക്ക് |
|---|---|
| പ്രോജക്ട് നം | S002/17 |
| അടങ്കൽ | 19,09,600/-(വികസന ഫണ്ട്-ജനറൽ-421600,<br>തനത് ഫണ്ട്-14,88,000/-) |
| ചെലവ് | 1721715/- |
| നിർവ്വഹണം | വി ഇ ഒ |

.

| ബിൽ നമ്പർ/<br>വൌച്ചർ നമ്പർ /തിയതി | തുക |
|---|---|

| | |
|---|---|
| 02/16-17<br>31.10.11 | 4,00,000/- |
| 07/16-17<br>15.02.17 | 21600/- |
| 21600363<br>01.09.16 | 2,56,600/- |
| 21600398<br>01.09.16 | 4,04,200/- |
| 21600437<br>05.10.16 | 1,29,315/- |
| 21600598<br>01.01.17 | 3,00,000/- |
| 21600286<br>01.08.16 | 2,10,000/- |
| ആകെ | 17,21,715/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.01.16 ലെ സ ഉ (സാധാ) നം.281/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്വച്ഛ് ഭാരത് മിഷനിൽ നിന്നും തുക ലഭിക്കുവാൻ കാലതാമസം വരുന്ന പക്ഷം വികസന ഫണ്ടോ, തനത് ഫണ്ടോ ഉപയോഗിച്ച് ODF പദ്ധതി ഏറ്റെടുക്കുന്നതിനും ഇപ്രകാരം ചെലവഴിക്കുന്ന തുക ശുചിത്വ മിഷനിൽ നിന്നും റീക്രൂപ്പ് ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിനും നിർദ്ദേശമുണ്ട്. ഇത് പ്രകാരം 02.01.2017 ൽ 4,90,000/- രൂപ, 20.03.17ൽ 3,92,000/- രൂപ എന്നിങ്ങനെ ആകെ 8,82,000/- രൂപ മാത്രമാണ് ശുചിത്വ മിഷനിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ വന്നിട്ടുള്ളത്. അവശേഷിക്കുന്ന 8,39,715/-രൂപ കൂടി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 വാട്ടർ ചാർജ്ജ് അടവ്

വൗച്ചർ നം. 21600774/6.3.17 പ്രകാരം തുക 800442/- രൂപ 4/2016മുതൽ 8/2016 വരെ വാട്ടർ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോരിറ്റിയിൽ അടവാക്കിയിട്ടുണ്ട് (RTGS വഴി) . എന്നാൽ വാട്ടർ ചാർജ്ജ് അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോരിറ്റിയും ഗ്രാമപഞ്ചായത്തും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധനനടത്തിയതിന്റെ അടിസ്ഥാനത്തിലല്ല വാട്ടർ ചാർജ്ജ് അടവാക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ വരുമാന നഷ്ടം സംഭവിക്കുന്ന ഇനങ്ങളിൽ കൂടുതൽ സൂക്ഷ്മത ആവശ്യമാണ്. (ഇതു സംബന്ധിച്ച് 27.9.17 ൽ 1-ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 3-7 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഓഡിറ്റ വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 583390/- രൂപ തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം./ബിൽ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 14/16-17 തി.30.11.16 | 344000 | 344000 |

| | | | | |
|---|---|---|---|---|
| KSEB | സ് ട്രീറ്റ് ലൈൻ വലിക്കൽ | 13/16-17തി.30.11.16 | 239390 | 239390 |
| ആകെ | | | 583390 | |

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 266295 | പ്രോജക്ട് നം. 73/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 266295 | - |
| | 2,00,000 | പ്രോജക്ട് നം. 117/2016-17 biogas plant | 2,00,000 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 83,090 | പ്രോജക്ട് നം. 73/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 83090 | --- |
| | 75,000 | പ്രോജക്ട് നം. 21/2016-17 നെൽകൃഷി വികസനം | 75,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം./ബിൽ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 14/16-17 തി.30.11.16 | 344000 | 344000 |
| KSEB | സ് ട്രീറ്റ് ലൈൻ വലിക്കൽ | 13/16-17 | 239390 | 239390 |

.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 781/10/lsgd തീ.8.3.10 20/3/2010 | 25,80,750 | 5,19,375 | 4,09,909 | - | 1,09,466 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,12,500.- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഈ തുകയിൽ 90,000/- രൂ വി ഇ ഒ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവയ്ക്കാതെ ട്രഷറിയിൽ നേരിട്ട് അടവാക്കിയ തുകയാണ്. 22,500/-രൂപ വാർഷിക ധനകാര്യപത്രികയിൽ prior Period Income എന്ന ഹെഡിൽ വരവു വന്ന തുകയാണ്.

| റിപ്പോർട്ടു വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയ്യതി |
|---|---|---|---|---|
| 2015-16 “ | 3-8 | 60,000 20,000 | പ്രീയരഞ്ജൻ ആർ | 1)KL005866691201617/6.3.17 2)KL005866691201617/6.3.17 |

| | | | | |
|---|---|---|---|---|
| | | | VEO<br>ആനിക്കാട് | |
| | 3-9 | 10,000 | " | 2)KL005866691201617/6.3.17 |
| 2014-15 | 3-2 | 7500 | മുഹമ്മദ് ഷിയാസ് AA | 11601103295/13.2.17 |
| | | 5000 | " | 11601102971/17.1.17 |
| | | 10000 | " | 11601101988/18.10.16 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2014-15 | 4.1.15 | പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച്. പദ്ധതി ജില്ലാപഞ്ചായത്ത് നിർവ്വഹണം നടത്തി. | മൈനർ ഇറിഗേഷനിൽ ഡെപ്പോസിറ്റ് ചെയ്ത 2,75,000/- രൂപ തിരിച്ചുവാങ്ങി. വൗച്ചർ നം. 117040900025/3.8.17) |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 32904322 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32415978 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3084 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 601321 |

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3084 | -- | എൻ ആർ വിജയം<br>സെക്രട്ടറി |
| ആകെ | 3084 | -- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9931 | ഡോ.ശ്രീകല. എം<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ |
| 3-2 | 8000 | ശ്രീ.ഷഫീക്ക്.കെ.കെ.<br>വി ഇ ഒ |
| 3-7 | 583390 | എൻ ആർ വിജയം<br>സെക്രട്ടറി |
| ആകെ | 601321 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിനുള്ള നഷ്ടം – 19275 രൂപ (ഖണ്ഡിക 2-2)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീകല. എം<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | 14/273<br>കല്ലിങ്കൽ കുടിയിൽ,<br>സ്നേഹനിവാസ് ,<br>മൂവാറ്റുപുഴ |
| ശ്രീ.ഷബീക്ക്.കെ.കെ.<br>വി ഇ ഒ | വി ഇ ഒ, ആവോലി<br>ഗ്രാമപഞ്ചായത്ത് | കോർട്ടേഴ്സ് നം 72-33<br>NGO കോർട്ടേഴ്സ്,<br>മൂവാറ്റുപുഴ |
| എൻ ആർ വിജയം<br>സെക്രട്ടറി | സെക്രട്ടറി ചേന്ദമംഗലം | പാപ്പിള്ളിൽ ഹൗസ് ,<br>കിഴക്കേപ്രം,<br>നോർത്ത് പറവൂർ പിഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/13-01-1987 |
| 1982-83 | എൽ.എഫ്.ഇ.(പി.4)1534/8624-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/13-05-1988 |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89/21-08-1989 |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86/13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93/31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96/19-07-1996 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02/2-12-2002 |
| 1999-2000, 2000-01, 2001-02(പ്ലാൻ) | എൽ.എഫ്.ഇ.(പി.5)183/05/17-08-2005 |
| 1996-97 (R) | എൽ.എഫ്.ഇ.(പി.5)1213/7/12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 |
| 2002-03, 2003-04, 2004-05, 2005-06,2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09/14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13/25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ എം)പി.8)1905/16/ 28-11-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി8)2181/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 29.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി
ഡയറക്ടർ

.

## ANNEXURE I

## AUDIT CERTIFICATE

No.KSA.EKM(P.8)2181/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad–682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 29.11.2017

Certified that I have audited the Annual Financial Statement of Avoli Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Avoli Gramapanchayath for the year 2016-17 properly presents the picture of income and expenditure.

Deputy Director